LIBRARY ARCHIVES Kerala Legislative Assembly

കുറ്റകൃത്യങ്ങൾ

72 [73] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നതു സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സൈരജീവിതം തകർക്കുന്ന തരത്തിൽ അക്രമിസംഘങ്ങൾ പ്രവർത്തിക്കുന്നതും ജനങ്ങൾ ഭീതിയോടെ ജീവിക്കുന്നതും സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) 2003 ജൂൺ 1 മുതൽ 2004 മേയ് 31 വരെയുള്ള ഒരു വർഷത്തിനിടക്ക് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ കണക്ക് ജില്ലയും ഇനവും തിരിച്ച് വിശദമാക്കുമോ;

(ഡി) കൂലിത്തല്ലുകാരെയും ഗുണ്ടകളെയും കുറിച്ച് സർക്കാർ ഒരു പരിശോധനയും കണക്കെടുപ്പും നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001, 2002, 2003 വർഷങ്ങളിലെ കണക്കുകൾ പ്രകാരം കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് കാണുന്നില്ല.

(ബി) ജനങ്ങളുടെ സൈരജീവിതം തകർക്കുന്ന രീതിയിലുള്ള അക്രമി സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. †

(ഡി) കൂലിത്തല്ലുകാരെക്കുറിച്ചും സംഘടിത അക്രമങ്ങൾ നടത്തുന്നവരെ കുറിച്ചും രഹസ്യമായും അല്ലാതെയും പോലീസ് വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. മുൻകരുതൽ എന്ന നിലയ്ക്ക് സംശയിക്കപ്പെടുന്നവരുടെ പേരിൽ റൗഡി ഹിസ്റ്ററി ഷീറ്റുകൾ, ഓപ്പൺ ചെയ്ത് നിരന്തരമായി അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു വരുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.